**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1466** **14-03-2022 - ൽ മറുപടിയ്ക്ക്**

**മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി. സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | തിരൂർ മേൽമുറി വില്ലേജിൽ മരവട്ടം - കാടാമ്പുഴ 110 കെ.വി സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹ്യാ പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള 4(1) വിജ്ഞാപനം 25.11.2021-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 3488 (17.11.2021-ലെ DCMPM/5645/2021/LA4 നടപടിക്രമം) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹ്യാ പ്രത്യാഘാത പഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയ ഏജൻസി viz. കേരള വളന്ററി ഹെൽത്ത് സർവീസസ് 10.01.2022-ന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിനുള്ള നടപടിക്രമം നടന്നു വരുന്നു. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയായിട്ടുണ്ടോ; സ്ഥലം ഏറ്റെടുക്കൽ നടപടി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | ഉണ്ട്. 2013-ലെ എൽ.എ.ആർ.ആർ നിയമത്തിൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കൊണ്ട് നിശ്ചിത സമയ പരിധിക്കുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ